**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 796** **17-09-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിന്റെ നേതൃത്വത്തിലുള്ള വാണിജ്യകൃഷി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | പ്രവാസികളുടെ കൈവശമുള്ള ഒഴിഞ്ഞുകിടക്കുന്ന കൃഷിയോഗ്യമായ ഭൂമിയിൽ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന വാണിജ്യകൃഷി പദ്ധതി പ്രകാരം എത്ര വിസ്തൃതിയിലുള്ള ഭൂമിയാണ് ഈ ആവശ്യത്തിലേക്കായി കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ പ്രവാസികളുടെ കൈവശമുള്ള ഭൂമി കണ്ടെത്തി അത് ഏറ്റെടുത്ത് കേരളത്തിലെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലൂടെ (PACS) ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചറൽ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്ത് അവയിൽ നിന്നുള്ള വിളവെടുപ്പ് നടത്തി, വിപണനം നടത്തുകയും ഒരു നിശ്ചിത കാലയളവ് കഴിഞ്ഞ് ഭൂമിയോടൊപ്പം ആദായമുള്ള ഈ തോട്ടം പ്രവാസിക്ക് തിരികെ നൽകുകയും ചെയ്യുന്ന ഉയർന്ന മൂല്യമുള്ള ഒരു "ഹോർട്ടികൾച്ചറൽ ഹബ്ബായി കേരളം" എന്ന ഉപപദ്ധതി 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നടത്തുന്നത് **Plant Operate & Transfer (POT)** മാതൃക സൃഷ്ടിച്ചുകൊണ്ടാണ്. ടി പദ്ധതി പ്രകാരം പ്രവാസികളുടെ/ഭൂവുടമകളുടെ ഒഴിഞ്ഞ് കിടക്കുന്നതും കൃഷി യോഗ്യമായതുമായ 73.50 ഏക്കർ സ്ഥലത്ത് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ 7 സഹകരണ സംഘങ്ങൾ മുഖേന വാണിജ്യകൃഷി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് അരുവിക്കര നിയോജക മണ്ഡലത്തിൽ കണ്ടെത്തിയ കൃഷിയോഗ്യമായ ഭൂമി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; | (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് അരുവിക്കര നിയോജക മണ്ഡലത്തിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല. |
| (സി) | ഈ പദ്ധതിയിലുൾപ്പെടുന്ന പ്രവാസികൾക്ക് ഉപയുക്തമായ രീതിയിൽ ക്ഷേമപദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | ടി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവാസികൾക്കായി “പ്ലാന്റ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ” പദ്ധതി സഹകരണ വകുപ്പ് മുഖേന 2025-26 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിന് സംസ്ഥാന പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ 36.50 ലക്ഷത്തോളമുള്ള പ്രവാസികളുടെ കൈവശമുള്ള കൃഷിയോഗ്യമായ ഭൂമി കണ്ടെത്തി അത് താത്കാലികമായി ഏറ്റെടുത്ത് |

| | | | |
|---|---|---|---|
| | | | കേരളത്തിലെ സഹകരണ സംഘങ്ങളിലൂടെ ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചറൽ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്ത് അവയിൽ നിന്നുള്ള വിളവെടുപ്പ് നടത്തി, വിപണനം നടത്തുക, ഒരു നിശ്ചിത കാലയളവ് കഴിഞ്ഞു ഭൂമിയോടൊപ്പം ആദായമുള്ള തോട്ടം പ്രവാസിക്ക് തിരികെ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതോടൊപ്പം പ്രവാസികളുടെ പ്രായമായ കുടുംബങ്ങൾക്കായി വയോജന പരിപാലനം, സാന്ത്വന പരിചരണം തുടങ്ങിയവ കൂടി സഹകരണ സംഘങ്ങൾ ഏറ്റെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ